(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) അയൽ സംസ്ഥാനങ്ങളിൽ ഈ കാര്യത്തിൽ സാരമായ മാറ്റം നമ്മുടേതിൽനിന്നും ഉണ്ട് എന്നത് ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ലേ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ടെക്സ്റ്റൈയിൽ മില്ലുകളിലെ തൊഴിലാളികളുടെ സേവനവ്യവസ്ഥകളെപ്പറ്റി അന്വേഷിക്കുന്നതിനായി ഒരു ത്രികക്ഷി അന്വേഷണക്കമ്മിറ്റിയെ നിയമിക്കുന്ന കാര്യം ഗവണ്മെൻറിന്റെ പര്യാലോചനയിലിരിക്കുകയാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഈ കമ്മിറ്റി ഒരു സ്റ്റാൻഡർഡൈസേഷൻ കമ്മിറ്റിയാണോ ; കമ്മിറ്റിയുടെ റെഫറൻസ് എന്തെല്ലാമാണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ഒരു കമ്മിറ്റി വേണമെന്ന നിർദ്ദേശം അനുസരിച്ചു വേണ്ടനടപടികൾ എടുക്കുവാൻ ലേബർ കമ്മീഷണരോട് പറഞ്ഞിരിക്കുകയാണ്.

WRITTEN ANSWER

Pay revision

* 94. [1] SHRI K. C. ABRAHAM : Will the Minister be pleased to state :

(a) Is it a fact that the Secretariat staff are dissatisfied with the present pay revision; and

(b) do the Government contemplate to revise the pay scales of the Secretariat staff?

Chief Minister (SHRI PANAMPILLI GOVINDA MENON) :

(a) A representation has been received from the Secretariat staff requesting revision of grades and certain other changes.

(b) The matter is being examined.

MR. SPEAKER : Order, order. Question time is over. We have been able to finish 45 questions today.

9 A. M.]

ADJOURNMENT MOTION

Re: the situation arising out of the fast of two Union workers of the Malabar Potteries.

MR. SPEAKER : I have received notice of an adjournment motion from Shri K. A. Sivarama Bharathi to discuss a definite matter of urgent public importance, *viz.* "the tense

LIBRARY ARCHIVES Kerala Legislative Assembly

situation arising out of the fasting of two Union workers of the Malabar Potteries, Vazhoor, following the unjust discharge, strike and arrest of workers in the constituency of the Chief Minister." This seems to be a long continuing matter; and I am not going to allow any adjournment motion of this kind because all these matters can be discussed in the course of the different stages of the budget discussion. So I am not allowing it.

Calling attention under Rule 66 to a matter of urgent public importance *viz.*, the strike of the Ayurveda College Students.

MR. SPEAKER: Shri Prakkulam Bhasi wants to call the attention of the Minister under Rule 66 to a matter of urgent public importance regarding the arrest of a student of the Ayurveda College, yesterday night at 8 P. M. Shri Prakkulam Bhasi can draw the attention of the Minister now.

ശ്രീ. പ്രാക്കുളം ഭാസി : സർ, ഇന്നലെ ചോദ്യോത്തരവേളയിൽ മെഡിക്കൽവകുപ്പുമന്ത്രിയുടെ ഉത്തരത്തിൽനിന്നും ആയുർവ്വേദ കോളേജിലെ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ചില അവശതകളുണ്ടെന്ന് ഈ സഭയിലെ എല്ലാ മെംബറന്മാർക്കും മനസ്സിലാക്കാൻ കഴിഞ്ഞു. അവശതകൾ നിവാരണത്തിനു വേണ്ടിയുള്ള അവരുടെ സമരം ഏതെങ്കിലും ഒരു പാർട്ടി മുതലെടുക്കാൻ ശ്രമിക്കുകയാണെന്നു പറയുന്നതു തെറ്റായിരിക്കും. ഈ നാട്ടിലെ ദിനപ്പത്രങ്ങളായ മലയാളമനോരമ, കേരളകൌമുദി തുടങ്ങിയ പാർട്ടിക്കതീതമായ പത്രങ്ങളും ഈ വിദ്യാർത്ഥികളുടെ അവകാശങ്ങളും എതുവിധത്തിലെങ്കിലും സാധിച്ചുകൊടുക്കണമെന്നു മുഖപ്രസംഗങ്ങളും എഴുതിയിട്ടുണ്ട്. ആയുർവ്വേദകോളേജിൽ വളരെ അധികം തകരാറുകളും ഉണ്ടെന്നും കഴിഞ്ഞ നിയമസഭയിൽ ഒരു ആമ്മ്യനെ അവിടെ ലക്ചററായി നിയമിച്ചിട്ടുണ്ടെന്നതെളിഞ്ഞതിൽനിന്നും ഈ സഭയിലെ എല്ലാ മെംബറന്മാർക്കും മനസ്സിലായിരിക്കും. ഈ കോളേജിന്റെ ചരിത്രം പറയുകയാണെങ്കിൽ ഒന്നാമതായി പഠിപ്പിക്കാൻ യോഗ്യതയുള്ള അദ്ധ്യാപകരുടെ അഭാവം, സിലബസ് ഇന്നതാണെന്നു തീരുമാനിച്ചിട്ടു മൂന്നുകൊല്ലം കഴിഞ്ഞശേഷം ആ സിലബസ് മാറിയിട്ടുണ്ടെന്നും ബഹു: മന്ത്രി സമ്മതിക്കാതെ നിവൃത്തിയില്ല. ആയുർവ്വേദ ഡിഗ്രി വിദ്യാർത്ഥികളുടെ അടിയന്തിരവും പ്രധാനവുമായ ആവശ്യം ഇൻഡ്യയിലെ മറ്റു സ്റ്റേറ്റുകളിൽ അതായതു്, മൈസൂറിലും മദ്രാസിലും, കൽക്കട്ടായിലും നടക്കുന്നതുപോലെ ആയുർവ്വേദവും മോഡേൺമെഡിസിനും പ്രാക്ററീസു ചെയ്യാൻ അനുവദിക്കുക എന്നുള്ളതാണ്. അതിനെക്കുറിച്ചു് ഇവിടെ വളരെ ദീർഘപ്രായപ്രസംഗമുണ്ടെന്നുള്ളതു ഞാനും സമ്മതിക്കുന്നു. ആയുർവ്വേദകോളേജിലെ സിലബസ് പരിഷ്കരിച്ചശേഷം ഇവിടത്തെ മോഡേൺ മെഡിക്കൽകൺസ്ലൂമായി ആലോചിച്ചില്ലെന്ന ഒരു പരാതി അവർ ഉന്നയിച്ചിട്ടുണ്ട്. അതുകൊണ്ടു് മോഡേൺ മെഡിസിൻ പ്രാക്ററീസുചെയ്യാൻ അനുവദിക്കാൻ പാടില്ലെ

LIBRARY ARCHIVES Kerala Legislative Assembly